**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4616** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഈറ്റയുടെ ദൗർലഭ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് ഈറ്റയുടെ ദൗർലഭ്യം കണക്കിലെടുത്ത് വനത്തിൽ നിന്ന് ഈറ്റ വെട്ടുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (എ) | ഈറ്റയുടെ ദൗർലഭ്യം കണക്കിലെടുത്ത് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്, വനത്തിൽ നിന്ന് ഈറ്റ വെട്ടുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2021/വനം തീയതി 13.08.2021 പ്രകാരം, സംസ്ഥാനത്തെ ഈറ്റ തൊഴിലാളികൾക്ക് ഈറ്റ ലഭ്യമാക്കുന്നതിനുവേണ്ടി 01.11.2020 മുതൽ 31.10.2025 വരെയുള്ള 5 വർഷത്തേക്ക്, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് വർഷം തോറും 10,000MT ഈറ്റ സൗജന്യമായി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. വർക്കിംഗ് പ്ലാൻ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്, സതേൺ സർക്കിൾ, സെൻട്രൽ സർക്കിൾ എന്നിവിടങ്ങളിൽ നിന്ന് 2021-22 വർഷം 9900 MT, 2022-23 വർഷം 10,000MT, 2023-24 വർഷം 10,000MT, എന്ന അളവുകളിൽ ഈറ്റ ശേഖരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ